സർ,

കുഴിവിള വാർഡിൽ, തമ്പുരാൻ മുക്കിൽ നിന്നും കുഴിവിള റോഡിൽ "കോണ്ടൂർ കാസിയ" എന്ന കോണ്ടൂർ കൺസ്ട്രക്ഷൻ കമ്പനിയുടെ ഫ്ളാറ്റിന്റെ മുന്നിലൂടെ ദുർഗ്ഗന്ധം വമിക്കുന്ന മലിനജലം നിറഞ്ഞൊഴുകാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി, ഈ പ്രദേശത്തെ റോഡ് പൊട്ടിപൊളിഞ്ഞ് വളരെ വലുപ്പത്തിലുള്ള കുഴികളായി രൂപപ്പെട്ടിട്ടുണ്ട്. ഈ കുഴികളിൽ നിറഞ്ഞ് റോഡിലൂടെ ഒഴുകുന്ന ഈ മലിന ജലം കാരണം അതു വഴി കാൽനടയാത്രക്കാർക്ക് മൂക്ക് പൊത്തി, ഉടുത്തിരിക്കുന്ന വസ്ത്രം പോലും വൃത്തികേടാവുന്നനിലയിൽ മലിനജലത്തിൽ ചവിട്ടി മാത്രമേ നട ന്നുപോകാൻ കഴിയുകയുള്ളു. ഈ സമയത്ത് അതുവഴി കടന്നുപോകുന്ന വാഹനങ്ങൾ ദുർഗ്ഗന്ധം വമിക്കുന്ന ഈ മലിനജലം ദേഹത്തും വസ്ത്രങ്ങളിലും തെറിപ്പിക്കുന്നതും പതിവാണ്. ടൂ വീലറുകളിൽ പോകുന്ന വർക്കും ഇതാണ് അനുഭവം.

SFS ഫ്ളാറ്റിൽ നിന്നും, തൊട്ടടുത്ത് പണിതിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും മലിനജലം തൊട്ടടുത്ത വയലിൽ ഒഴുക്കിവിടുന്നതായിട്ടാണ് അറിയു ന്നത്. അത് നിറഞ്ഞ് റോഡിലൂടെ ഒഴുകുകയാണ്. ഈ വിവരം വാർഡ് കൗൺസിലർ ഉൾപ്പെടെ ബന്ധപ്പെട്ടവരെ പലതവണ അറിയിച്ചിട്ടും ഒരു പരി ഹാര നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല.

വിശ്വസ്തതയോടെ,

സെക്രട്ടറി